അതിന്റെ നിർമ്മാണോദ്ഘാടനം 3-1-2006-ൽ നടത്തിയിട്ടുമുണ്ട്. പ്രസ്തുത പ്രവർത്തിക്ക് ദർഘാസ് ക്ഷണിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനം

128 [585] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തിക്ക് ഇപ്പോൾ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) അഴീക്കൽ തുറമുഖത്തേക്ക് ലക്ഷദ്വീപിൽ നിന്ന് ചരക്കിറക്കുന്നത് സംബന്ധിച്ച് നടത്തിയ ചർച്ചകളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) അഴീക്കൽ തുറമുഖത്തിൽ ബ്രേക്ക് വാട്ടർ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവർത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

എ) ഉണ്ട്.

(ബി) അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ട വികസന ത്തോടനുബന്ധിച്ച് 226.2 മീറ്റർ നീളമുള്ള വാർഫിന്റേയും അനുബന്ധ സൗകര്യങ്ങളു ടേയും വികസനത്തിനായി 825 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി യ്ക്കായി ജി. ഒ. (ആർ.റ്റി.) നമ്പർ 555/05/മ.തു.വ. നമ്പരിൽ 15-11-2005-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തി ഉടനെ ആരംഭിക്കുന്നതാണ്.

(സി) അഴീക്കൽ തുറമുഖത്ത്, ലക്ഷദ്വീപിലേക്കും തിരിച്ചുമുള്ള കപ്പലുകൾക്ക് ബർത്ത് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ചകൾ നടന്നിരുന്നു. പക്ഷേ ദീർഘകാലമായി അവരിൽ നിന്നും യാതൊരു വിവരവും ലഭിക്കുന്നില്ല.

(ഡി) അഴീക്കൽ തുറമുഖത്ത് 24 ലക്ഷം രൂപ ചെലവിൽ 20,000 ക്യൂബിക് മീറ്റർ ഡ്രഡ്ജിംഗ് 2005-06-ൽ നടത്തിയിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം ഉടനെ പൂർത്തിയാകുന്നതാണ്. ബ്രേക്ക് വാട്ടർ നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് കൂടുതൽ ഡ്രഡ്ജിംഗ് പ്രവർത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വകുപ്പിലെ പരിഷ്ക്കാരങ്ങൾ

129 [586] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക മേഖലയുടെ വികസനത്തിനായി സഹകരണ പ്രസ്ഥാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി സഹകരണ വകുപ്പിൽ നടപ്പിലാക്കിക്കഴിഞ്ഞ പ്രധാന പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) (1) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(2) സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പകളുടെ പലിശ നിരക്ക് 25000 രൂപ വരെയുള്ളത് 8.5 ശതമാനമായും അതിന് മുകളിലുള്ളത് 9 ശതമാനമായും കുറയ്ക്കുകയുണ്ടായി.

(3) കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) ആക്ട്, 2001 പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു.

(4) കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) ആക്ട്, 2001 പ്രകാരം വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് നടപ്പാക്കിവരുന്നു.

(5) കാർഷിക വായ്പയ്ക്ക് വായ്പാ തുകയുടെ ഒരു ശതമാനമായി ഓഹരി അനുപാതം കുറയ്ക്കുകയുണ്ടായി.

(6) അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം നടപ്പിലാക്കിവരുന്നു.

(7) കിസാൻ ക്രഡിറ്റ് കാർഡ് സ്കീം നടപ്പിലാക്കിവരുന്നു.

(8) കാർഷിക ഉൽപന്നങ്ങളുടെ സംഭരണവും, വിൽപ്പനയും കയറ്റുമതിയും ത്വരിതപ്പെടുത്തുന്നതിന് കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും റബ്കോയും അഗ്രീൻകോയും നടപടി സ്വീകരിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

സഹകരണ സംഘം പ്രവർത്തനത്തിന് പുതിയ പ്രവൃത്തി മേഖലകൾ

130 [587] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിന് ആധാരമായി പ്രവർത്തിക്കുവാൻ കഴിയുന്ന പുതിയ മേഖലകൾ കണ്ടെത്തുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) സംസ്ഥാനത്തെ സഹകരണ ആശുപത്രി, ഡിസ്പെൻസറി, സംഘങ്ങൾ എന്നിവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും, പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ചിരുന്ന കമ്മിറ്റിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി ?

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[13-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 129(586)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

1. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

2001 ഒക്ടോബർ മാസത്തിലാരംഭിച്ച് 2005 മാർച്ച് 31 വരെ നിലനിന്ന പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിലെ/സംഘങ്ങളുടെ കിട്ടാക്കടം ഗണ്യമായി കുറയ്ക്കാനും പിരിച്ചെടുക്കാനും കഴിഞ്ഞു. 543319 വായ്പക്കാർക്ക് പലിശ ഇളവുമൂലം 199.02 കോടി രൂപയുടെ ഇളവാനുകൂല്യം ലഭിക്കുകയും ചെയ്തു. 1488.33 കോടി രൂപയുടെ കുടിശ്ശിക ഇതുവഴി സഹകരണ ബാങ്കുകൾക്ക് പിരിഞ്ഞുകിട്ടുകയുണ്ടായി.

2. സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകളുടെ പലിശയിൽ ഗണ്യമായ കുറവ് വരുത്തുകയുണ്ടായി. കാർഷികേതര വായ്പകളുടെ പലിശ നിരക്ക് പരമാവധി 13 ശതമാനമായി നിജപ്പെടുത്തുകയും 25,000 രൂപവരെയുള്ള വായ്പകൾക്ക് 8.5 ശതമാനവും ആയതിനുമുകളിൽ 9 ശതമാനവുമായി കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. ദീർഘകാല വായ്പാ ഗഡുക്കൾ കൃത്യമായി അടയ്ക്കുന്നവർക്ക് ഫ്ളോട്ടിംഗ് പലിശ നിരക്ക് നടപ്പിലാക്കുന്നതിനും കാർഷിക വികസന ബാങ്കുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

3. കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമം 2001, സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി.

(എ) 29-12-2001-ൽ പ്രാഥമിക വായ്പാ സംഘങ്ങളിൽ നിലവിലുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 6 മാസത്തേക്ക് പലിശ ഇളവും തുടർന്ന് 30 മാസ ഗഡുക്കളായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ തിരിച്ചടയ്ക്കാനുള്ള സാവകാശം ലഭിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 13.99 കോടി രൂപ സംഘങ്ങൾക്കനുവദിക്കുകയും ഉണ്ടായി. ഇനി 12.41 കോടി രൂപ അനുവദിക്കാനുണ്ട്.

(ബി) സംസ്ഥാനത്തെ വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് (23-1-2004 മുതൽ 22-1-2005 വരെയുള്ള) ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ടി കാലയളവിൽ വായ്പകൾക്കനുവദിച്ച പലിശ ഇളവ് സംഘങ്ങൾക്ക് റീ-ഇംബേഴ്സ് ചെയ്ത് നൽകാനും നടപടി സ്വീകരിച്ചു. ഈ ഇനത്തിൽ 102.52 കോടി രൂപയുടെ ആനുകൂല്യം അനുവദിക്കുകയും ആയതിൽ 10.08 കോടി രൂപ ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ വയനാട് സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1-4-2001 മുതൽ 5 വർഷത്തേക്ക് വായ്പകൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ആയതിൻപ്രകാരം 15 കോടി രൂപ ഇതിനകം അനുവദിക്കുകയും ചെയ്തു. 2004-05 വരെയുള്ള കാലയളവിലേക്ക് 37.31 കോടി രൂപ ഇനി അനുവദിക്കാനുണ്ട്. 2005-06 കാലയളവിലേക്ക് ഈ ഇനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

14.66 കോടി രൂപയുടെ ആനുകൂല്യം നൽകേണ്ടിവരുമെന്ന് കണക്കാക്കുന്നു. അതിന്റെ ഭാഗമായി പലിശ ഇനത്തിൽ ഇതുവരെ 38.99 കോടി രൂപ വായ്പക്കാർക്ക് വേണ്ടി സർക്കാർ, സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

4. കാർഷിക വായ്പയ്ക്ക് വായ്പാ തുകയുടെ ഒരു ശതമാനമായി ഓഹരി അനുപാതം കുറയ്ക്കുകയുണ്ടായി.

5. സീനിയർ സിറ്റിസൺസിന് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് അര ശതമാനം പലിശ കൂടുതൽ നൽകാൻ നടപടി സ്വീകരിച്ചു.

6. സമഗ്ര വികസന പദ്ധതി പ്രകാരം ആലപ്പുഴ, കോഴിക്കോട്, എറണാകുളം, കൊല്ലം, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിൽ ഐ.സി.ഡി.പി. പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

7. സാദ്ധ്യതയുള്ളിടത്തെല്ലാം തൊഴിലധിഷ്ഠിത സഹകരണ സംഘം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

8. ധനേതര തർക്കങ്ങൾ തീർപ്പാക്കുന്നതിന് സഹകരണ ആർബിട്രേഷൻ കോടതി രൂപീകരിച്ചു.

9. സഹകരണ പ്രൊഫഷണൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു.

10. ഗഹാൻ സമ്പ്രദായം നടപ്പിലാക്കി.

11. സഹകരണസംഘങ്ങൾ/ബാങ്കുകളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി ഉദാരവൽക്കരിച്ചതുമൂലം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരാത്ത ഇതര ഭാഗം പ്രൈമറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുകൂടി ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി.

12. സഹകരണ വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപടികൾ നടപ്പിലാക്കി വരുന്നു.

13. നബാർഡിൽ നിന്നുള്ള പുനർ വായ്പ ലഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

14. നബാർഡ്/കേന്ദ്ര സർക്കാർ എൻ. സി. ഡി. സി. എന്നിവിടങ്ങളിൽ നിന്നുള്ള പദ്ധതിയിനത്തിൽ കൂടുതൽ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

15. ഇൻഷ്വറൻസ് മേഖലയിൽ പ്രവർത്തിക്കുന്ന കോയിൻസിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

16. വരൾച്ച ബാധിത പ്രദേശങ്ങളിലെ ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായും മദ്ധ്യകാല വായ്പകൾ പ്രത്യേക മദ്ധ്യകാല വായ്പകളായും മാറ്റിയിട്ടുണ്ട്.

17. മഴവെള്ള സംഭരണത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

18. സ്വയം സഹായ സംഘങ്ങളിലൂടെയുള്ള മൈക്രോ ഫിനാൻസിന് ഊന്നൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയുണ്ടായി.

19. അഗ്രീൻകോയുടെ ഉന്നമനത്തിനായി ഓഹരി മൂലധന ഇനത്തിൽ 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

20. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഗ്രീൻകാർഡ് സമ്പ്രദായം നടപ്പിലാക്കിവരുന്നു.

21. കൊച്ചി, പരിയാരം, മെഡിക്കൽ കോളേജുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തി.

22. വായ്പാ സഹകരണ സ്ഥാപനങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 10600 നിക്ഷേപ പിരിവുകാരെ (കളക്ഷൻ ഏജന്റുമാർ) സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചു.

23. സഹകരണ ജീവനക്കാരുടെ ക്ഷേമനിധിയിൽ നിന്നുള്ള ചികിത്സാ സഹായം 35,000 രൂപയും കുടുംബാംഗങ്ങൾക്കുള്ള ചികിത്സാ സഹായം 15,000 രൂപയായും ഉയർത്തി. 43000 ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 677 ലക്ഷം രൂപയുടെ ധനസഹായം ഇതുവരെ നൽകിയിട്ടുണ്ട്.

24. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വനിതാസഹകരണ ഫെഡറേഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

25. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ ഓഡിറ്റ് കുടിശ്ശിക തീർക്കുന്നതിനുള്ള ഒരു പ്രത്യേക യജ്ഞം നടപ്പിലാക്കുകവഴി പ്രസ്തുത സംഘങ്ങളുടെ ഓഡിറ്റിംഗ് ഏകദേശം സമകാലീനമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

26. പീഡിത സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം നൽകുന്നതിനായി സഹകരണ വികസന ക്ഷേമനിധി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly